**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2576** **14-09-2023 - ൽ മറുപടിയ്ക്ക്**

**കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീമിൽ ഉൾപ്പെടുന്ന സർക്കാർ ജീവനക്കാരുടെ എണ്ണം എത്രയെന്ന് വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ; | (എ) | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ 31.08.2023 വരെ സംസ്ഥാനത്ത് **1,87,150**ജീവനക്കാർ ഉണ്ട്. വകുപ്പ് തിരിച്ചുള്ള വിവരങ്ങൾ ഇതോടൊപ്പം അനുബന്ധം 1 ആയി ഉള്ളടക്കം ചെയ്യുന്നു |
| (ബി) | പ്രസ്തുത സ്കീമിൽ ഉൾപ്പെടുന്ന ജീവനക്കാരുടെ വിരമിക്കൽ ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; ഡി.സി.ആർ.ജി, ടെർമിനൽ ലീവ് സറണ്ടർ എന്നീ ആനുകൂല്യങ്ങൾ അനുവദിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | **പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം ജീവനക്കാരന്റെ പ്രതിമാസ ശമ്പളത്തിന്റെ (അടിസ്ഥാന ശമ്പളം + ക്ഷാമ ബത്ത) 10% വും തത്തുല്യ സർക്കാർ വിഹിതവും പെൻഷൻ അക്കൗണ്ടിൽ അടവാക്കുകയും വിരമിക്കുന്ന സമയത്ത് ആകെ സമാഹരിക്കപ്പെടുന്ന തുകയുടെ 60% വരെ ഒറ്റ തവണയായി പിൻവലിക്കാവുന്നതും കുറഞ്ഞത് 40% തുക അന്വിറ്റിയായി നിക്ഷേപിക്കേണ്ടതുമാണ്. ഇപ്രകാരം നിക്ഷേപിക്കുന്ന തുക എത്രയാണോ അതിനനുസൃതമായ റിട്ടേൺ ആണ് വിരമിച്ച ശേഷം പ്രതിമാസം ലഭ്യമാകുക.**<br><br>പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് നിലവിൽ ഡി.സി.ആർ.ജി അനുവദിക്കുന്നില്ല. എന്നാൽ എൻ.പി.എസിൽ ഉൾപ്പെടുന്ന സർക്കാർ ജീവനക്കാർക്ക് ആർജ്ജിതാവധിയുടെ ടെർമിനൽ സറണ്ടർ ചട്ടപ്രകാരം അനുവദിക്കുന്നുണ്ട് |
| (സി) | പ്രസ്തുത സ്കീം സംസ്ഥാനത്ത് നടപ്പാക്കിയതിന് ശേഷം നാളിതുവരെ വിരമിച്ച ജീവനക്കാരുടെ എണ്ണം, നിലവിൽ ലഭിക്കുന്ന പെൻഷൻ, അവർക്ക് ലഭിച്ച ആനുകൂല്യങ്ങൾ എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ? | (സി) | സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പദ്ധതി<br><br>നടപ്പാക്കിയതിന് ശേഷം നാളിതുവരെ ടി പദ്ധതിയിൽ ഉൾപ്പെട്ട **3183** ജീവനക്കാർ വിരമിച്ചിട്ടുണ്ട്.<br><br>പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം ജീവനക്കാരന്റെ പ്രതിമാസ ശമ്പളത്തിന്റെ (അടിസ്ഥാന ശമ്പളം + ക്ഷാമ ബത്ത) 10%-വും തത്തുല്യ സർക്കാർ വിഹിതവും പെൻഷൻ അക്കൗണ്ടിൽ അടവാക്കുകയും വിരമിക്കുന്ന സമയത്ത് ആകെ സമാഹരിക്കപ്പെടുന്ന തുകയുടെ 60% വരെ |

| | | | |
|---|---|---|---|
| | | | ഒറ്റ തവണയായി പിൻവലിക്കാവുന്നതും കുറഞ്ഞത് 40% തുക അന്വിറ്റിയായി നിക്ഷേപിക്കേണ്ടതുമാണ്. ഇപ്രകാരം നിക്ഷേപിക്കുന്ന തുക എത്രയാണോ അതിനനുസൃതമായ റിട്ടേൺ ആണ് വിരമിച്ച ശേഷം പ്രതിമാസം ലഭ്യമാകുക.<br><br>പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് നിലവിൽ ഡി.സി.ആർ.ജി അനുവദിച്ചിട്ടില്ല. എന്നാൽ എൻ.പി.എസിൽ ഉൾപ്പെടുന്ന സർക്കാർ ജീവനക്കാർക്ക് ആർജ്ജിതാവധിയുടെ ടെർമിനൽ സറണ്ടർ ചട്ട പ്രകാരം അനുവദിക്കുന്നുണ്ട് |

സെക്ഷൻ ഓഫീസർ